# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1759** — **01/11/2019 -ൽ മറുപടിക്ക്**

**പെരിങ്ങോം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | **ഡോ.കെ.ടി.ജലീൽ ( ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 7.36 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന്റെ തുടർ നടപടികൾ ഏതുവരെ ആയെന്ന് വിശദീകരിക്കാമോ; | (എ) | പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 8.33 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിരിക്കുന്നത്. ഇതിൽ 4.68 കോടി രൂപ അക്കാഡമിക് ബ്ലോക്കും 2.87 കോടി രൂപ ആഡിറ്റോറിയത്തിനും, മറ്റു പ്രവർത്തികൾക്കായി 78 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. ഇതിന്റെ എസ്.പി.വി ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർനടപടിയായി സാങ്കേതിക അനുമതിയും ടെൻഡർ നടപടികളും പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിച്ച തീയതി അറിയിക്കുമോ; | (ബി) | കിഫ്ബി 04.02.2019 ലെ ഉത്തരവ് HED00719/APR-4/2019 പ്രകാരം 8.33 കോടി രൂപ കിഫ്ബി അനുവദിക്കുകയുണ്ടായി. |
| (സി) ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചത് എന്നാണ്; അറിയിക്കുമോ; | (സി) യും (ഡി) യും | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 30.08.2019 ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ GO(MS)No.304/2019/HEDN പ്രകാരം കിറ്റ്കോയെ പെരിങ്ങോം ഗവ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ എസ്.പി.വി ആയി നിയമിക്കുകയുണ്ടായി. നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതിയും ടെൻഡർ നടപടികളും പുരോഗമിച്ചുവരുന്നു. ടെൻഡർ നടപടികൾ നവംബർ അവസാനത്തോടു കൂടി പൂർത്തീകരിച്ച് കരാറുകാരനെ നിയമിക്കുന്നതാണ്. |
| (ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ നീണ്ടുപോകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | | |

**സെക്ഷൻ ഓഫീസർ**